REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-10-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ഈ മാസം 22-ന് ശബരിമല ദർശനത്തിനെത്തും.**
- **കുട്ടികൾക്ക് ചുമ സിറപ്പ് നൽകുന്നതിൽ കരുതൽ ഉറപ്പാക്കണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി.**
- **പൂജാ അവധിക്ക് ശേഷം സംസ്ഥാന നിയമസഭാ സമ്മേളനം രാവിലെ പുനഃരാരംഭിക്കും.**
- **ഇന്ത്യൻ നാവികസേന രണ്ടാമത്തെ അന്തർവാഹിനി വേധ കപ്പൽ ആന്ത്രോത്ത് ഇന്ന് കമ്മീഷൻ ചെയ്യും.**
- **വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ പാകിസ്ഥാനെ 88 റൺസിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഈ മാസം 22-ന് ശബരിമല ദർശനത്തിനെത്തും. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന് രാഷ്ട്രപതി ഭവനിൽ നിന്ന് അറിയിപ്പ് ലഭിച്ചു. 22-ന് ഉച്ചക്ക് നെടുമ്പാശ്ശേരിയിലെത്തുന്ന രാഷ്ട്രപതി നിലയ്ക്കൽ വഴി സന്നിധാനത്തെത്തും. വൈകിട്ട് ദർശനത്തിന് ശേഷം അന്നു തന്നെ തിരുവനന്തപുരത്തേക്ക് പോകും. 23-ന് രാജ്ഭവനിലെ പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. 24-ന് പാലായിൽ പൊതു പരിപാടിയിൽ പങ്കെടുത്ത ശേഷം ദ്രൗപതി മുർമു ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

കുട്ടികൾക്ക് ചുമ സിറപ്പ് നൽകുന്നതിൽ കരുതൽ ഉറപ്പുവരുത്തണമെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി. കുട്ടികളിലെ മിക്ക ചുമയും പ്രത്യേക മരുന്നുകളില്ലാതെ മാറുന്നതാണെന്നും അനാവശ്യമായി മരുന്നുകൾ നൽകേണ്ടതില്ലെന്നും കേന്ദ്രം അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്......

അടുത്തയിടെ ഏതാനും സംസ്ഥാനങ്ങളിൽ ചുമ മരുന്ന് ഉപയോഗിച്ച കുട്ടികൾ മരിച്ചതുമായി ബന്ധപ്പെട്ട സാഹചര്യത്തിലാണ് ആരോഗ്യമന്ത്രാലയം ഉന്നതതല അവലോകനത്തിന് ശേഷം ഈ നിർദേശം പുറപ്പെടുവിച്ചത്. ചുമ മരുന്നുകളുടെ ഗുണനിലവാരം കൃത്യമായി വിലയിരുത്തണമെന്നും ആരോഗ്യ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ ആവശ്യപ്പെട്ടു. നേരത്തെ കേന്ദ്രമന്ത്രി JP നദ്ദ വിളിച്ചു ചേർത്ത യോഗമാണ് സംസ്ഥാനങ്ങളുമായും കേന്ദ്രഭരണ പ്രദേശങ്ങളുമായും ചർച്ച നടത്തി ഉചിതമായ നടപടിക്ക് നിർദേശം നൽകിയത്.

മരുന്ന് ഉപയോഗത്തെ തുടർന്ന് മരണം സംഭവിച്ച മഹാരാഷ്ട്രയിലും മദ്ധ്യപ്രദേശിലും കേന്ദ്ര വിദഗ്ധ സംഘം എത്തി വിശദ പരിശോധന നടത്തി.

✪✪✪

പൂജാ അവധിക്ക് ശേഷം സംസ്ഥാന നിയമസഭാ സമ്മേളനം രാവിലെ പുനഃരാരംഭിക്കും. പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് ഉപധനാഭ്യർത്ഥനകളിൽ ചർച്ചയും വോട്ടെടുപ്പും ഇന്ന് നടത്തും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി...

.......വോയ്സ്.......

സെപ്റ്റംബർ 30-ന് പ്രതിപക്ഷ മുദ്രാവാക്യം വിളികൾക്കിടെ അതിവേഗത്തിൽ നടപടികൾ പൂർത്തിയാക്കി പിരിഞ്ഞ ശേഷം ഇന്നാണ് നിയമസഭ വീണ്ടും ചേരുന്നത്. ബജറ്റ് ഉപധനാഭ്യർത്ഥന ചർച്ചയും വോട്ടെടുപ്പം ഇന്നത്തെ കാര്യപരിപാടിയിലുണ്ട്. അധിക ഭൂമി ക്രമവൽക്കരണ ബിൽ, ഡിജിറ്റൽ സർവ്വകലാശാലാ ഭേദഗതി ബിൽ, മലയാള ഭാഷാ ബിൽ, പൊതു സേവനാവകാശ ബിൽ, സർവ്വകലാശാലാ നിയമ ഭേദഗതി ബിൽ തുടങ്ങിയവയിലെ ചർച്ച അവസാനിപ്പിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് അയക്കുന്നതും ഇന്നു സഭ പരിഗണിക്കും.

✪✪✪

KPCC രാഷ്ട്രീയ കാര്യസമിതി യോഗം ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് ചേരും. ശബരിമല സ്വർണപ്പാളി വിവാദം അടക്കം വിഷയങ്ങളിലെ തുടർ പ്രക്ഷോഭം യോഗം ചർച്ച ചെയ്യും. തദ്ദേശ തെരഞ്ഞെടുപ്പ് ഒരുക്കങ്ങളും യോഗം വിലയിരുത്തും. ഇന്ദിരാ ഭവനിലാണ് യോഗം ചേരുന്നത്.

✪✪✪

ജയ്പൂരിലെ സവായ് മാൻസിംഗ് ആശുപത്രി ട്രോമാ സെന്ററിലെ ICU -വിൽ പുലർച്ചെയുണ്ടായ തീപിടുത്തത്തിൽ ആറ് രോഗികൾ മരിച്ചു. വൈദ്യുതി ഷോർട്ട് സെർക്യൂട്ട് ആണ് കാരണമെന്ന് കരുതുന്നു. ട്രോമാ സെന്ററിന്റെ രണ്ടാം നിലയിലാണ് തീപിടുത്തമുണ്ടായത്. അപകട സമയത്ത് 24 രോഗികൾ ചികിത്സയിലുണ്ടായിരുന്നു. മുഖ്യമന്ത്രി ഭജൻലാൽ ശർമ ആശുപത്രിയിലെത്തി സാഹചര്യം വിലയിരുത്തി.

✪✪✪

ഇന്ത്യൻ നാവികസേന രണ്ടാമത്തെ അന്തർവാഹിനി വേധ കപ്പൽ ആന്ത്രോത്ത് ഇന്ന് കമ്മീഷൻ ചെയ്യും. വൈസ് അഡ്മിറൽ രാജേഷ് പെൻധാർകർ ചടങ്ങിൽ അധ്യക്ഷനായിരിക്കും. നാവികസേനയുടെ ശേഷി വർദ്ധിപ്പിക്കുന്ന കപ്പൽ തദ്ദേശീയമായി നിർമ്മിച്ചതുകൂടിയാണ്. ആഴം കുറഞ്ഞ കടൽമേഖലയിൽ ഉപയോഗിക്കാവുന്ന യുദ്ധക്കപ്പലാണ് ഇത്.

✪✪✪

സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരങ്ങൾ നാളെ തിരുവനന്തപുരത്ത് വിതരണം ചെയ്യും. നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്യും.

കേരള ജൈവ വൈവിദ്ധ്യ പരിപാലന കർമ്മ പദ്ധതി ബോർഡിന്റെ 20 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ചടങ്ങിൽ ഔദ്യോഗികമായി പ്രകാശം ചെയ്യും.

✪✪✪

രാമനാട്ടുകര – കരിപ്പൂർ വിമാനത്താവള റോഡ് ദേശീയ പാതാ നിലവാരത്തിലേക്ക് മാറ്റുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. 12 കിലോ മീറ്ററിലധികം ദൂരമാണ് എല്ലാവിധ സൗകര്യങ്ങളോടും കൂടി നാലുവരിപ്പാതയായി വികസിപ്പിക്കുന്നത്. ദേശീയപാത അതോറിറ്റി ഇതിന്റെ പദ്ധതിരേഖ തയ്യാറാക്കും. പുതിയ പദ്ധതി കരിപ്പൂർ വിമാനത്താവളം വഴി വരികയും പോകുകയും ചെയ്യുന്നവർക്കും കോഴിക്കോട് – പാലക്കാട്

പാതയിൽ യാത്രചെയ്യുന്നവർക്കും ഉപകാരപ്രദമാകുമെന്ന് മന്ത്രി സാമൂഹിക മാധ്യമ കുറിപ്പിൽ വ്യക്തമാക്കി.

കലിക്കറ്റ് സർവകലാശാലയെയും കരിപ്പൂർ വിമാനത്താവളത്തെയും ബന്ധിപ്പിക്കുന്ന അതിവേഗ പാതയെ സംബന്ധിച്ച ആലോചനകളും നടക്കുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ കാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഗോസമൃദ്ധി പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. പദ്ധതിയിൽ 15 ശതമാനം പ്രീമിയം മാത്രമാണ് കർഷകർ വഹിക്കേണ്ടത്. വർഷംതോറും ഒരു ലക്ഷത്തോളം പശുക്കുട്ടികളെ ഗവൺമെന്റ് ദത്തെടുത്ത്, തീറ്റനൽകി സംരക്ഷിക്കുമെന്നും മന്ത്രി അറിയിച്ചു. കൊല്ലം തട്ടാർകോണം വെറ്ററിനറി സബ് സെന്ററിന്റെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

35 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക വ്യവസ്ഥ മുന്നോട്ട് പോകുന്നതിന്റെ തെളിവാണെന്ന് മന്ത്രി V. അബ്ദുറഹ്മാൻ പറഞ്ഞു. പാലക്കാട് കുലുക്കല്ലൂരിൽ പകൽവീട് പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സാധാരണക്കാർക്ക് സംസ്ഥാനത്തിന്റെ വികസനം നേരിട്ട് അനുഭവിക്കാൻ കഴിയുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാന ചലച്ചിത്ര അവാർഡിന് സമർപ്പിച്ച സിനിമകളുടെ സ്ക്രീനിംഗ് രാവിലെ തിരുവനന്തപുരത്ത് ചലച്ചിത്ര അക്കാദമി ആസ്ഥാനത്ത് ആരംഭിക്കും. 128 സിനിമകളാണ് അവാർഡിന് പരിഗണിക്കുന്നത്. നടനും സംവിധായകനുമായ പ്രകാശ് രാജാണ് ജൂറി അധ്യക്ഷൻ. സംവിധായകരായ രഞ്ജൻ പ്രമോദ്, ജിബു ജേക്കബ് എന്നിവർ പ്രാഥമിക വിധി നിർണയ കമ്മിറ്റികളുടെ അധ്യക്ഷരാണ്.

✪✪✪

കുടുംബശ്രീ സംസ്ഥാന മിഷന്റെ 'ചലനം' മെന്റർഷിപ്പിന്റെ ഭാഗമായി നല്ലളത്ത് ആരംഭിച്ച 'സ്പൂൺ ഓഫ് മലബാർ' ഓൺലൈൻ ഫുഡ് ഡെലിവറി സംരംഭം മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ സംരംഭകർ തയ്യാറാക്കുന്ന ഭക്ഷണം പുതിയ സംരംഭത്തിൽ കുറഞ്ഞ നിരക്കിൽ വീടുകളിൽ

എത്തിച്ചുനൽകും. രാവിലെയും ഉച്ചക്കും രാത്രിയും ആവശ്യക്കാർക്ക് ഭക്ഷണം ലഭ്യമാക്കും.

✪✪✪

വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ പാകിസ്ഥാനെ 88 റൺസിന് തോൽപ്പിച്ചു. കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 247 റൺസിന് പുറത്തായി. തുടർന്ന് ബാറ്റിംഗിന് ഇറങ്ങിയ പാകിസ്ഥാനെ 43 ഓവറിൽ 159 റൺസിന് ഇന്ത്യ പുറത്താക്കി.

അടുത്ത മത്സരത്തിൽ ഇന്ത്യ വിശാഖപട്ടണത്ത് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ന് ഇൻഡോറിൽ ന്യൂസിലാന്റ് ദക്ഷിണാഫ്രിക്കയെ നേരിടും.

✪✪✪

ന്യൂഡൽഹിയിൽ ലോക പാരാ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യ ആറ് സ്വർണ്ണവും പത്ത് വെള്ളിയും ആറ് വെങ്കലവും ഉൾപ്പടെ 22 മെഡലുകൾ നേടി. ചാമ്പ്യൻഷിപ്പിൽ പത്താം സ്ഥാനമാണ് ഇന്ത്യക്ക്. 15 സ്വർണമടക്കം 44 മെഡൽ നേടിയ ബ്രസീലാണ് ചാമ്പ്യന്മാർ. ചൈന 13 സ്വർണം നേടി.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിന്റെ രണ്ടാം സീസണിൽ തിരുവനന്തപുരത്ത് കണ്ണൂർ വാരിയേഴ്സ്, രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തിരുവനന്തപുരം കൊമ്പൻസിനെ തോൽപ്പിച്ചു. ഇന്ന് കളിയില്ല.

✪✪✪

IBSA ബ്ലൈൻഡ് ഫുട്ബോൾ വേൾഡ് ചാമ്പ്യൻഷിപ്പ് കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെൻററിൽ ആരംഭിച്ചു. ജസ്റ്റിസുമാരായ AK ജയശങ്കർ നമ്പ്യാർ, രാജ വിജയരാഘവൻ, ബെച്ചു കുര്യൻ തോമസ്, P ഗോപിനാഥ് എന്നിവർ കണ്ണുമൂടിക്കെട്ടി ചാമ്പ്യൻഷിപ്പ് ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടന മത്സരത്തിൽ ബ്രസീൽ, ഇന്ത്യയെ മറുപടിയില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു. ചാമ്പ്യൻഷിപ്പ് ഈ മാസം 11 വരെ തുടരും .

✪✪✪

കഴിഞ്ഞ ഒമ്പത് വർഷത്തിനെ സംസ്ഥാനത്തെ കായിക മേഖലയിൽ 2,400 കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കിയെന്ന് മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. പട്ടാമ്പി മുതുതല ഗ്രാമപഞ്ചായത്തിന്റെ പുതിയ ഗ്രൗണ്ട് നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തിരൂരങ്ങാടി താലൂക്കിലെ പരിമിതമായ കെട്ടിട സൗകര്യങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതിയായി. തെന്നല, തിരൂരങ്ങാടി, പറപ്പൂർ, ഊരകം, AR നഗർ എന്നിവിടങ്ങളിലാണ് സ്മാർട് വില്ലേജ് ഓഫീസുകൾ ഒരുക്കുന്നത്.

✪✪✪

ചോറ്റാനിക്കര ക്ഷേത്രത്തിന് മുന്നിലെ ഗതാഗതക്കുരക്ക് ഒഴിവാക്കാൻ പുതിയ ട്രാഫിക് ക്രമീകരണങ്ങൾ നിലവിൽ വന്നു. എറണാകുളം ഭാഗത്തു നിന്ന് വരുന്ന വാഹനങ്ങൾക്ക് ക്ഷേത്രത്തിന് മുന്നിലൂടെ കടന്നുപോകാം. പിറവം ഭാഗത്തു നിന്ന് വരുന്ന വാഹനങ്ങൾ ബൈപ്പാസ് വഴി യാത്ര തുടരേണ്ടതാണ്.

✪✪✪

നവീകരണ പ്രവൃത്തികളുടെ ഭാഗമായി ആലപ്പുഴ ചങ്ങനാശ്ശേരി - AC റോഡിലെ പള്ളാത്തുരുത്തി പാലത്തിലൂടെ ഗതാഗതം നിരോധിച്ചു. ഇന്ന് രാത്രി ഒമ്പത് മുതൽ നാളെ രാവിലെ അഞ്ച് വരെയാണ് നിരോധനം.

✪✪✪

സംസ്ഥാനത്ത് കാലവർഷം പൊതുവെ ദുർബലമായി. ഒരു ജില്ലയിലും ഇന്ന് പ്രത്യേക ജാഗ്രതാ നിർദേശമില്ല. എന്നാൽ തീരമേഖലയിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കേരളത്തിലേയും ലക്ഷദ്വീപിലേയും തീരമേഖലയിൽ ഇന്ന് മീൻ പിടുത്തത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും കോഴിക്കോട് മുൻ DCC വൈസ് പ്രസിഡന്റുമായ PK. മാമുക്കോയ കരിക്കാംകുളത്തെ വസതിയിൽ അന്തരിച്ചു. 78 വയസ്സായിരുന്നു.

മുൻ KPCC അംഗവുമായിരുന്ന അദ്ദേഹം നാല് തവണ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലറുമായിരുന്നു. നിര്യാണത്തിൽ MK.രാഘവൻ MP അനുശോചിച്ചു.

✪✪✪

തൃശൂർ പാലിയേക്കര ടോൾ പ്ലാസയിലെ ടോൾപിരിവ് സംബന്ധിച്ച തീരുമാനം ഇന്നുണ്ടായേക്കും. ടോൾപിരിവ് പുനഃരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ദേശീയ പാത അതോറിറ്റി നൽകിയ അപേക്ഷ ഹൈക്കോടതി ഇന്ന് പരിഗണിച്ച ശേഷമായിരിക്കും തീരുമാനം.

✪✪✪

പാലക്കാട് ചന്ദ്ര നഗറിൽ ഓടിക്കൊണ്ടിരുന്ന KSRTC ബസ്സിന് തീ പിടിച്ചു. ആളപായമില്ല. പുനലൂരിൽ നിന്ന് കോയമ്പത്തൂർക്ക് പോവുകയായിരുന്ന ബസ്സിലാണ് ഇന്നലെ വൈകീട്ട് ചെറിയ തോതിൽ തീ പിടുത്തമുണ്ടായത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: അനുഷ ആത്മപ്രകാശ്*
*DEO: സി കെ സുബോധ്*

आकाशवाणी